KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

സൂചന നമ്പർ: RR/1100 തീയതി: 15.06.2022

# സർക്കുലർ നമ്പർ: 46/2022 (റിക്കവറി)

വിഷയം: Non-RR അക്കൗണ്ടുകളിലെ കുടിശ്ശിക നിവാരണത്തിനുവേണ്ടി ശാഖാതലത്തിൽ അദാലത്ത് മേള സംഘടിപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന : 25.05.2022 തീയതിയിലെ നികുതി (എച്ച്) വകുപ്പിൽ നിന്നുള്ള GO.(Rt.)No.417/2022/TAXES നമ്പർ ഉത്തരവ്.

************

നിഷ്ക്രിയ ആസ്തി പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യം മുൻനിർത്തി റവന്യൂ റിക്കവറി നടപടികൾ നേരിടുന്ന അക്കൗണ്ടുകളിലും (ആർ ആർ), ആർ ആർ ആക്കാത്ത താരതമ്യേന വലിയ കുടിശ്ശികയുള്ള (Non-RR) അക്കൗണ്ടുകളിലും കുടിശ്ശിക തീയതിയെ അടിസ്ഥാനമാക്കി മുൻകാലയളവിൽ 'ILAVU-2017', 'ILAVU-2018', 'സുവർണ്ണജൂബിലി ഇളവ്-2019', 'ആശ്വാസ്-2020', 'ആശ്വാസ്-2021' എന്നീ ഒറ്റത്തവണതീർപ്പാക്കൽ പദ്ധതികൾ കമ്പനി പ്രഖ്യാപിക്കുകയും അതനുസരിച്ച് കുടിശ്ശികക്കാരിൽ നിന്നും ഒരു പരിധിവരെ കുടിശ്ശിക തുക പിരിച്ചെടുക്കുവാനും കഴിഞ്ഞിട്ടുണ്ട്. സാമ്പത്തികമായും സാമൂഹികമായും രാജ്യം നേരിട്ട പ്രതിസന്ധികളിൽ പലിശയിളവ് പോലുള്ള ആനുകൂല്യങ്ങൾ നൽകുക വഴി വലിയ ഒരു കൈത്താങ്ങായി ജനങ്ങളുടെ ഇടയിൽ നിലകൊള്ളുവാൻ കെ എസ് എഫ് ഇ യ്ക്ക് കഴിഞ്ഞു എന്നുള്ളത് കെ എസ് എഫ് ഇ യുടെ ജനകീയത വർദ്ധിപ്പിക്കുന്നു.

സാമ്പത്തികരംഗം ഉണർവ്വിന്റെ പാതയിലാണ് എന്നിരിക്കിലും, ജനങ്ങളുടെ ക്രയശേഷി അതിന്റെ പൂർണ്ണതോതിൽ എത്തിച്ചേർന്നിട്ടില്ല. 'ആശ്വാസ്-2021', ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി 31.03.2022 ന് അവസാനിച്ചുവെങ്കിലും സാമ്പത്തികാവസ്ഥ പൂർണ്ണമായും മെച്ചപ്പെടുന്ന സാഹചര്യമല്ലാത്തതുകൊണ്ട് ഈ പദ്ധതി നീട്ടിക്കിട്ടുന്നതിനായി ഇപ്പോഴും കുടിശ്ശികക്കാരുടെ നിരന്തരമായ അഭ്യർത്ഥനകൾ വന്നുകൊണ്ടിരിക്കുകയാണ്.

കോവിഡ്-19 മൂലം സംഭവിച്ച സാമ്പത്തിക തളർച്ചയുടെ പശ്ചാത്തലത്തിൽ 'ആശ്വാസ്-2021' ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി പ്രകാരം കമ്പനി RR വിഭാഗത്തിലും Non-RR വിഭാഗത്തിലുമായി കുടിശ്ശികക്കാർക്ക് വലിയ തോതിലുള്ള പലിശയിളവ് നൽകിയിട്ടും പദ്ധതിയുടെ ആനുകൂല്യം ഉപയോഗപ്പെടുത്തി കുടിശ്ശിക തീർക്കാത്ത ധാരാളം ഇടപാടുകാർ ഇപ്പോഴുമുണ്ട്. മാത്രവുമല്ല, ശാഖകളിലെ Non-RR വിഭാഗത്തിലുള്ള കുടിശ്ശികയുടെ തോത് ഇപ്പോഴും വർധിച്ചുകൊണ്ടിരിക്കുന്ന പ്രവണതയാണ് കാണുന്നത്. അടിയന്തിരമായി ശാഖകളിലെ കുടിശ്ശിക ഗണ്യമായ തോതിൽ കുറച്ചുകൊണ്ടുവരേണ്ടത് ഇന്നത്തെ സാഹചര്യത്തിൽ അത്യന്താപേക്ഷിതമാണ്. കമ്പനിയുടെ 03.03.2022 തീയതിയിലെ 25/2022 (റിക്കവറി) നമ്പർ സർക്കുലർ പ്രകാരം 2022-23 കുടിശ്ശികരഹിത വർഷമായി പ്രഖ്യാപിച്ച് കൃത്യവും സമയബന്ധിതവുമായ കുടിശ്ശിക നിവാരണപ്രവർത്തനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും ഈ പ്രവർത്തനം ഇനിയും ഉദ്ദേശിച്ച രീതിയിൽ ഫലം ചെയ്തിട്ടില്ല.

കോവിഡ് കാലത്തെപ്പോലെ കുടിശ്ശിക തീർപ്പാക്കുവാൻ ഇനിയും വലിയ ഇളവുകൾ പ്രഖ്യാപിക്കുന്നത് കമ്പനിയ്ക്ക് ആശാസ്യമല്ല. എങ്കിലും വൻകുടിശ്ശികയുള്ള ആർ ആർ അക്കൗണ്ടുകൾക്ക് അദാലത്ത് മേളകൾ നടത്തി കുടിശ്ശിക തീർപ്പാക്കുവാൻ കഴിഞ്ഞ ദിവസങ്ങളിൽ വീണ്ടും അവസരം നൽകിയിരുന്നു. ഈ പ്രക്രിയയും കൂടുതൽകാലം ദീർഘിപ്പിക്കുവാൻ കഴിയുകയില്ല. അതുപോലെ Non-RR അക്കൗണ്ടുകളിലെ കുടിശ്ശിക ആർ ആർ ആക്കുന്നതിനു മുൻപുള്ള അവസാനത്തെ ഒരവസരം എന്ന നിലയിൽ ശാഖാതലത്തിൽ അദാലത്ത് മേളകൾ നടത്തുന്നത് ഈ അവസരത്തിൽ ഉചിതമാകുമെന്ന് വിവിധ കോണുകളിൽ നിന്നും നിർദ്ദേശങ്ങൾ വരുന്നുണ്ട്. ഈ നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് 2022 സാമ്പത്തിക വർഷത്തിൽ തന്നെ കുടിശ്ശികയുടെ തോത് നല്ല രീതിയിൽ കുറച്ചുകൊണ്ടുവരുവാൻ പലിശയിൽ ഇളവ് അനുവദിച്ച് ശാഖാതലത്തിൽ Non-RR അക്കൗണ്ടുകൾക്ക് കുടിശ്ശിക തീർപ്പാക്കുവാൻ ഒരവസരം കൂടി നൽകികൊണ്ട് 'അദാലത്ത് മേളകൾ' നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

Confidential

കഴിഞ്ഞകാലങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു രീതി ആയതുകൊണ്ട് അതീവ ശ്രദ്ധയോടെയാണ് ശാഖകൾ ഈ ഉദ്യമത്തെ കാണേണ്ടത്. ഇപ്പോഴത്തെ അവസ്ഥയിൽ കുടിശ്ശികയുടെ തോത് ഗണ്യമായി കുറയ്ക്കാതെ/ പുതിയ കുടിശ്ശിക ഇല്ലാതാക്കാതെ കമ്പനിയ്ക്ക് ഇനിയും മുൻപോട്ടുപോകുവാൻ ആകില്ല. ഇതൊരു അവസാനത്തെ അവസരം എന്ന രീതിയിൽ തന്നെ എല്ലാ കുടിശ്ശികക്കാരെയും ബോധ്യപ്പെടുത്തി ഈ ഉദ്യമം വൻവിജയകരമാക്കി ശാഖകൾ നടപ്പിലാക്കേണ്ടതും അതിലൂടെ കുടിശ്ശിക കുറയ്ക്കേണ്ടതും/ഇല്ലാതാക്കേണ്ടതുമാണ്.

ശാഖാതലത്തിൽ അദാലത്ത് മേളകൾ നടത്തുന്നതിന് ബന്ധപ്പെട്ട മേഖലാ ഓഫീസുകൾ ആവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. മേഖലാ ഓഫീസിലെ ഉദ്യോഗസ്ഥർ അദാലത്ത് മേളയിൽ നേരിട്ട് പങ്കെടുക്കേണ്ടതാണ്.

ശാഖാതലത്തിൽ എല്ലാ കുടിശ്ശിക ഇടപാടുകാരെയും ബന്ധപ്പെടുകയും അദാലത്ത് മേളയിൽ പങ്കെടുത്ത് കുടിശ്ശിക തീർക്കുവാൻ നിർബന്ധിക്കുകയും അത്തരത്തിൽ തയ്യാറായി വരുന്നവരുടെ ഒരു ലിസ്റ്റ് തയ്യാറാക്കേണ്ടതുമാണ്.

***അദാലത്ത് മേളകൾ നടത്തുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ താഴെപ്പറയുന്നവയാണ്***

1) ഇത് ശാഖാ തലത്തിൽ നടത്തുന്ന അദാലത്ത് മേളയാണ്. റീജണൽ മാനേജർമാർ/ മേഖലാ ഓഫീസിലെ സീനിയർ മാനേജർമാർ, ശാഖാമാനേജർ, കുടിശ്ശിക വിഭാഗം കൈകാര്യം ചെയ്യുന്ന അസിസ്റ്റന്റ് മാനേജർ എന്നിവരാണ് അദാലത്തിൽ തീരുമാനം കൈക്കൊള്ളേണ്ടത്.

2) 30.07.2022 നുള്ളിൽ അദാലത്ത് മേളകൾ നടത്തേണ്ടതാണ്. അദാലത്ത് നടത്തുന്ന ദിവസത്തിനുള്ളിൽ ഉചിതമായ രീതിയിൽ ശാഖാതലത്തിൽ എല്ലാ കുടിശ്ശികക്കാരെയും ഈ കാര്യം വേണ്ടവിധം ബോധ്യപ്പെടുത്തേണ്ടതാണ്.

3) Non-RR വിഭാഗത്തിൽ ശാഖകളിൽ 31.03.2022 നോ അതിനു മുൻപോ കുടിശ്ശികയുള്ള അക്കൗണ്ടുകൾക്ക് മാത്രമേ പലിശയിളവിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

4) കമ്പനിയുടെ സ്ഥിരനിക്ഷേപ രശീതി, CSDT, മറ്റ് അംഗീകൃത ബാങ്കുകളിലെ സ്ഥിരനിക്ഷേപ രശീതി, സ്വർണ്ണം, വിളിക്കാത്ത ചിട്ടിയുടെ പാസ് ബുക്ക്, എൽ ഐ സി പോളിസി, മറ്റ് കമ്പനികളുടെ ഇൻഷുറൻസ് പോളിസികൾ, കിസാൻ വികാസ് പത്ര, നാഷണൽ സേവിംഗ് സർട്ടിഫിക്കറ്റ് എന്നീ സുരക്ഷിതമായ ഈടുകൾ ഉള്ള അക്കൗണ്ടുകളിൽ ഒരു കാരണവശാലും കുടിശ്ശിക ഉണ്ടാകുവാൻ സാധ്യതയില്ലാത്തതിനാൽ അത്തരം കേസുകൾ അദാലത്തിൽ പരിഗണിക്കേണ്ടതില്ല.

5) 01.04.2017 ന് മുൻപ് കുടിശ്ശികയായ ചിട്ടി അക്കൗണ്ടുകൾക്ക് 50 ശതമാനവും, 01.04.2017 മുതൽ കുടിശ്ശികയായ ചിട്ടി അക്കൗണ്ടുകൾക്ക് 40 ശതമാനവും പരമാവധി ഇളവ് അനുവദിക്കാവുന്നതാണ്. ആശ്വാസ്/അദാലത്ത് എന്നീ പ്രക്രിയകൾ കമ്പനിയ്ക്ക് ഒരിക്കലും ആശാസ്യമല്ലാത്തതിനാൽ ഈ അവസരം ഉപയോഗപ്പെടുത്തുവാൻ എല്ലാ കുടിശ്ശികക്കാരെയും വേണ്ടവിധം ബോധ്യപ്പെടുത്തുകയും കുടിശ്ശിക തീർക്കുവാൻ ശാഖകളിൽ നിന്നും നിർബന്ധിക്കുകയും ചെയ്യേണ്ടതാണ്.

6) CVL, NCL, Special Car Loan, VDL എന്നീ വായ്പകളിൽ പിഴപ്പലിശ 100% ഒഴിവാക്കാവുന്നതാണ്.

7) ശാഖകളിൽ KPL, KHL എന്നീ EMI Based വായ്പകളിൽ പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കാവുന്നതാണ്. KPL, KHL എന്നീ EMI Based വായ്പകളിൽ ഒരു കാരണവശാലും തവണസംഖ്യകളിൽ (EMI) ഇളവ് അനുവദിക്കുന്നതല്ല.

8) FD ലോൺ, പാസ് ബുക്ക് ലോൺ, ഗോൾഡ് ലോൺ എന്നിവ അദാലത്ത് മേളയിൽ ഉൾപ്പെടുന്നതല്ല.

9) ചിട്ടി വിളിക്കാത്ത (Non-Prized) വരിക്കാർക്ക് ചിട്ടി കാലാവധിയുടെ 70% തവണകൾ കഴിയാത്ത ചിട്ടിയിലെ കുടിശ്ശിക തീർക്കുമ്പോൾ പലിശയിൽ 50% വരെ ഇളവ് അനുവദിക്കാവുന്നതാണ് (70% തവണകൾ കഴിഞ്ഞ ചിട്ടികൾക്ക് ഇത് ബാധകമല്ല). ഈ കാര്യം എല്ലാ വിളിക്കാത്ത ചിട്ടികളിലെ കുടിശ്ശികക്കാരെയും അറിയിക്കേണ്ടതാണ്. Smart Bridge Loan അനുവദിച്ചും ഇത്തരം കുടിശ്ശിക തീർക്കേണ്ടതാണ്.

10) അദാലത്ത് മേളയുടെ കാലയളവിനുള്ളിൽ അവസാനിക്കുന്ന/അവസാനിച്ച ചിട്ടികളിലെ Chitty auction Difference (PBNP),ചിട്ടി വിളിച്ചെടുത്ത് ചിട്ടിപ്പണം CSDT യിൽ നിക്ഷേപിച്ചതിനുശേഷം (മേൽബാധ്യത ചിട്ടിപ്പണത്തിനേക്കാൾ കൂടുതലായ അക്കൗണ്ടുകളിൽ/നാലാമത്തെ കുടിശ്ശിക തീയ്യതിയിൽ അക്കൗണ്ട് ക്ലോസ് ചെയ്ത് ബാക്കിവരുന്ന തുക സസ്പെൻസ് അക്കൗണ്ടിൽ സൂക്ഷിച്ചത്) എന്നീ അക്കൗണ്ടുകളിൽ സ്ഥിരനിക്ഷേപത്തിന്റെ നിരക്കിലോ, സ്ഥിരനിക്ഷേപത്തേക്കാൾ 2% അധികം നിരക്കിലോ നൽകി **മേൽ** അക്കൗണ്ടുകൾ ചിട്ടികൾ അവസാനിക്കുന്ന മുറയ്ക്ക് അതാത് മാസം തന്നെ തീർപ്പാക്കാവുന്നതാണ്. എന്നിട്ടും തികയാതെ വരുന്ന അക്കൗണ്ടുകളിൽ വരിക്കാർ ബാലൻസ് തുക അടയ്ക്കുവാൻ തയ്യാറായാൽ അത്തരം അക്കൗണ്ടുകൾ പലിശയില്ലാതെ തീർപ്പാക്കാവുന്നതാണ്. ഈ ആനുകൂല്യം പരമാവധി പ്രയോജനപ്പെടുത്തി ഇത്തരം അക്കൗണ്ടുകൾ തീർപ്പാക്കുവാൻ ശ്രമിക്കേണ്ടതാണ്.

Confidential

11) ഭവന വായ്പ, ചിട്ടി എന്നീ പദ്ധതികൾ ഒഴികെയുള്ള അക്കൗണ്ടുകളിൽ മുതലിന് തുല്യമായ തുക പലിശയായി ലഭിച്ചാൽ അക്കൗണ്ട് തീർപ്പാക്കാവുന്നതാണ്.

12) കോടതിയിൽ ഇരിയ്ക്കുന്നവയോ, തർക്കവിഷയമായിട്ടുള്ളവയോ ആയ കേസുകൾ ഉപഭോക്താവിന്റെ/ പരാതിക്കാരന്റെ/ ബന്ധപ്പെട്ടവരുടെ എഴുതി തയ്യാറാക്കിയ സമ്മതപത്ര പ്രകാരം തീർപ്പാക്കാവുന്നതാണ് (ഇതു സംബന്ധിച്ചുള്ള സംശയങ്ങൾക്ക് ഹെഡ് ഓഫീസ് റിക്കവറി വിഭാഗവുമായി ബന്ധപ്പെടേണ്ടതാണ്).

13) അദാലത്തിലെ തീർപ്പ് പ്രകാരം മുഴുവൻ തുകയും ഒറ്റതവണയായി അടച്ച് അക്കൗണ്ട് അവസാനിപ്പിക്കേണ്ടതാണെങ്കിലും തവണകളായി അടച്ച് 31.08.2022 നുള്ളിൽ അക്കൗണ്ട് അവസാനിപ്പിയ്ക്കുവാനുള്ള അവസരം നൽകാവുന്നതാണ്. അതുപ്രകാരം തവണകളായി അടക്കുന്ന തുക General Suspense Account-ൽ വരവ് വച്ച് ക്ലോസ് ചെയ്യുന്ന മുറയ്ക്ക് മാത്രമേ ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് മാറ്റേണ്ടതുള്ളൂ.

14) Non-Prized ചിട്ടികളിലെ കടിശ്ശിക തീർപ്പാക്കുവാനായി നൽകുന്ന സ്മാർട്ട് ചിട്ടി ബ്രിഡ്ജ് ലോൺ മുകളിൽ പ്രതിപാദിച്ചതുപോലെ അനുവദിക്കുന്നതിന് അർഹരായവരെ മുഴുവനും ഈ കാര്യം ബോധ്യപ്പെടുത്തി കടിശ്ശിക തീർക്കേണ്ടതാണ്.

15) നിലവിൽ അവസാനിപ്പിച്ചിട്ടുള്ള അക്കൗണ്ടുകളൊന്നും അദാലത്ത് മേളയിൽ പുന:പരിശോധിക്കുവാൻ പാടുള്ളതല്ല. സ്ഥിരമായി ആശ്വാസ് പദ്ധതികൾ മാത്രം ലക്ഷ്യം വച്ച് കടിശ്ശിക തീർക്കുവാൻ കാത്തിരിക്കുന്നവർക്കെതിരെയും ഈ അദാലത്ത് പ്രകാരവും പണമടച്ച് കടിശ്ശിക തീർക്കുവാൻ മുന്നോട്ട് വരാത്ത അക്കൗണ്ടുകളിലെ കടിശ്ശികക്കാർക്ക് എതിരെയും ശക്തമായ റിക്കവറി നടപടികളുമായി (ആർ ആർ അടക്കം) മുന്നോട്ട് പോകേണ്ടതാണ്.

16) കമ്പനിയെ മന:പ്പൂർവ്വം വഞ്ചിച്ച കേസുകൾ, കെ.എസ്.എഫ്.ഇ യിലെ ജീവനക്കാരുടേയോ, ജീവനക്കാരുടെ അടുത്ത ബന്ധുക്കളുടെയോ (അച്ഛൻ, അമ്മ, ഭർത്താവ്, ഭാര്യ, മക്കൾ) അക്കൗണ്ടുകൾ/ ജാമ്യം നിൽക്കുന്ന അക്കൗണ്ടുകൾ എന്നിവ അദാലത്തിൽ പരിഗണിക്കേണ്ടതില്ല.

17) കുടിശ്ശികയുള്ള അക്കൗണ്ടുകൾ തീർക്കുവാനായി കമ്പനിയിൽ നിന്നും കുടിശ്ശികക്കാരന് മറ്റ് വായ്പകൾ അനുവദിക്കുന്നതല്ല. എന്നാൽ ചിട്ടിപ്പണം കുടിശ്ശികയിലേക്ക് മാറ്റുന്നതിൽ തടസ്സമില്ല.

മേൽ പദ്ധതിയുടെ വിജയത്തിനുവേണ്ടി എല്ലാവരുടെയും സഹകരണവും പ്രയത്നവും ഉറപ്പുവരുത്തുന്നതിനും പരമാവധി ഇടപാടുകാരിലേയ്ക്ക് ഇത് എത്തിക്കുന്നതിനും എല്ലാ ശാഖാ തലവന്മാരും, മേഖലാ അസിസ്റ്റന്റ് ജനറൽ മാനേജർമാരും മറ്റ് ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതും കടിശ്ശിക പിരിവ് ഊർജ്ജിതമാക്കേണ്ടതുമാണ്.

***കെ എസ് എഫ് ഇ യ്ക്കുവേണ്ടി,***

**സുബ്രഹ്മണ്യൻ വി.പി.**
**മാനേജിംഗ് ഡയറക്ടർ**

പകർപ്പ്:

1) എല്ലാ മേഖലാ തലവന്മാർക്കും.
2) എല്ലാ ശാഖകൾക്കും
3) എല്ലാ ഓഡിറ്റ് ടീമുകൾക്കും
4) എല്ലാ എസ് ഡി ടി ഓഫീസുകൾക്കും
5) ഹെഡ് ഓഫീസിലെ എല്ലാ വിഭാഗങ്ങളിലേയും തലവന്മാർക്കും
6) ലെയ്സൺ ഓഫീസർ, കെ എസ് എഫ് ഇ തിരുവനന്തപുരം
7) ബഹു.ചെയർമാന്റെ പി.എ

Confidential